# അധ്യാപകർക്കുള്ള തൊഴിൽപരമായ ധർമ്മശാസ്ത്രസംഹിത

ഓൾ ഇന്ത്യ പ്രൈമറി ടീച്ചേഴ്സ് ഫെഡറേഷൻ (AIPTF)


All India Primary Teachers' Federation
24th Biennial Conference
"Code of Professionals Ethics Workshop"
from 1st to 2nd November 2007
Venue: Hotel Doda's, Jaipur, Rajasthan
श्रद्धेय
Conference Theme :

# ആമുഖം

അധ്യാപനമെന്നത് ഒരു തൊഴിലാണ്.ഏതൊരു തൊഴിലിലും വ്യക്തികൾ പാലിക്കേണ്ട നിലവാരത്തേയും പെരുമാറ്റത്തേയും സംബന്ധിച്ച ചില പ്രതീക്ഷകളുണ്ട്. ഒരു പ്രൊഫഷണൽ, പെരുമാറേണ്ടതെങ്ങനെയെന്ന് ജനങ്ങൾ പ്രതീക്ഷിക്കുന്ന നിലവാരത്തിൽ ഒരാൾ പെരുമാറുമ്പോളാണ് അവനെ/അവളെ (അയാളെ/അവരെ) പ്രൊഫഷണലായി അവർ അംഗീകരിക്കുക.

ഒരോ പ്രൊഫഷണൽ സ്ഥാപനവും തങ്ങളുടെ അംഗങ്ങൾ പെരുമാറേണ്ടതെങ്ങനെ യെന്ന് വ്യക്തമാക്കുന്ന തൊഴിൽ പരമായ ധർമ്മ ശാസ്ത്ര സംഹിത രൂപപ്പെടുത്താറുണ്ട്. ഈ ധർമ്മ ശാസ്ത്രസംഹിത ഓരോ തൊഴിലിനും വ്യത്യസ്തമായിരിക്കും. മെഡിക്കൽ പ്രൊഫഷണലുകൾ അവരുടെ പരിശീലനം പൂർത്തിയാക്കി, ജോലി ആരംഭിക്കുന്ന വേളയിൽ അവർ ഒരു പ്രതിജ്ഞയെടുക്കാറുണ്ട്. തൊഴിൽപരമായ ഒരു ധർമ്മശാസ്ത്രസംഹിത, അവനെ/അവളെ (അയാളുടെ/അവരുടെ) കക്ഷിക്കു നേരെയുള്ള ഒരു പ്രൊഫഷണലിന്റെ പെരുമാറ്റത്തെ നിയന്ത്രിക്കുന്നു.

ഓൾ ഇന്ത്യാ പ്രൈമറി ടീച്ചേഴ്സ് ഫെഡറേഷൻ, നാഷണൽ കൗൺസിൽ ഓഫ് എഡ്യൂക്കേഷണൽ റിസേർച്ച് ആൻഡ് ട്രെയിനിങ്ങുമായി ചേർന്നുള്ള ഒരു സംയുക്ത സംരംഭത്തിലൂടെ 1997–ൽ അധ്യാപകർക്കായി തൊഴിൽപരമായ ഒരു ധർമ്മശാസ്ത്ര സംഹിത രൂപപ്പെടുത്തിയിട്ടുണ്ട്. 2005–ൽ ഹരിദ്വാറിലും 2007–ൽ ജയ്പൂരിലും വച്ചു നടന്ന ഓൾ ഇന്ത്യാ പ്രൈമറി ടീച്ചേഴ്സ് ഫെഡറേഷന്റെ ജനറൽ കൗൺസിൽ മീറ്റിംഗുകൾ ഈ ധർമ്മശാസ്ത്ര സംഹിതയെക്കുറിച്ച് ചർച്ച ചെയ്യുകയും മാറ്റങ്ങൾ വരുത്തുകയും ചെയ്തു. എ ഐ പി റ്റി എഫിന്റെ പ്രസിഡന്റായ ശ്രീ. രാം പാൽ സിംഗിന്റെ അധ്യക്ഷതയിൽ കൂടിയ ജനറൽ കൗൺസിൽ മീറ്റിംഗ് ഹരിദ്വാറിലെ പ്രമേയത്തെ പാസ്സാക്കിയിട്ടുണ്ട്. പ്രസ്തുത ധർമ്മശാസ്ത്ര സംഹിത ജയ്പൂരിൽ വച്ചു നടന്ന ജനറൽ കൗൺസിൽ മീറ്റിംഗും ഐകകണ്ഠേന പാസ്സാക്കി.

ധർമ്മശാസ്ത്രസംഹിതയനുസരിച്ചുള്ള പ്രവർത്തനം ഒരു പ്രൊഫഷണലിന് തന്റെ കക്ഷിക്കു നല്കുന്ന സേവനത്തിന്റെ ഗുണമേന്മ മെച്ചപ്പെടുത്താൻ സഹായിക്കുന്നു.കൂടാതെ തൊഴിൽപരമായ ഒരു ധർമ്മശാസ്ത്ര സംഹിതയോടു ചേർന്നു നില്ക്കുന്നത് സമൂഹത്തിൽ ആ പ്രൊഫഷന്റെ മാന്യതയും പദവിയും മെച്ചപ്പെടുത്തുകയും ചെയ്യുന്നതാണ്.

ഒരു പ്രൊഫഷനിലെ അംഗങ്ങൾക്ക് സ്വന്തം അച്ചടക്കത്തിലൂടെ മാത്രമേ ധർമ്മ ശാസ്ത്രസംഹിതയനുസരിച്ചുള്ള പ്രവർത്തനം നേടാനാകൂ.തങ്ങളുടേയും തങ്ങളുടെ കക്ഷികളുടേയും താൽപര്യത്തിനായി പ്രൊഫഷണൽ അസോസിയേഷനുകളും തങ്ങളുടെഅംഗങ്ങൾക്കുമേൽ ധർമ്മശാസ്ത്രസംഹിതയനുസരിച്ച് പ്രവർത്തിക്കുന്നതിന് സമ്മർദ്ദം ചെലുത്തുന്നുണ്ട്.

ആയതിനാൽ, ഓൾ ഇന്ത്യാ പ്രൈമറി ടീച്ചേഴ്സ് ഫെഡറേഷനിലെ എല്ലാ അംഗങ്ങളോടും ഗവൺമന്റ് സ്കൂളുകളിലെ വിദ്യാർഥികൾക്ക് ഗുണമേന്മയേറിയ വിദ്യാഭ്യാസം നൽകുന്നതിന്, തൊഴിൽപരമായ ഒരു ധർമ്മശാസ്ത്ര സംഹിതയനുസരിച്ചുള്ള പ്രവർത്തനം കാഴ്ച വയ്ക്കുന്നതിനും അതു പാലിക്കുന്നതിനും ഞാൻ അഭ്യർഥിക്കുകയാണ്.ഇത് ദീർഘകാലമായി നാമെല്ലാവരും ആഗ്രഹിക്കുന്ന നേട്ടം–എല്ലാവർക്കും ഗുണമേന്മയേറിയ വിദ്യാഭ്യാസമെന്ന ലക്ഷ്യം–കൈവരിക്കുന്നതിനിടയാക്കും.

തൊഴിൽപരമായ ഒരു ധർമ്മശാസ്ത്രസംഹിത എല്ലാ അധ്യാപകരുടേയും വാതിൽപ്പടിയിൽ എത്തിക്കുന്നതിനും വിദ്യഭ്യാസ സംബന്ധമായും സാമ്പത്തികപരമായുമുള്ള പിന്തുണ നൽകിയതിനും ലോകബാങ്കിന്റെ ലീഡ് എഡ്യൂക്കേഷൻ സ്പെഷ്യലിസ്റ്റായ ശ്രീമാൻ സാം കാൾസണിനോടുള്ള കൃതജ്ഞത പ്രകാശിപ്പിക്കാൻ ഞാൻ ഈ സന്ദർഭം വിനി യോഗിക്കുന്നു. അതുപോലെ തന്നെ, ഈ തൊഴിൽ സംബന്ധമായ ധർമ്മശാസ്ത്ര സംഹിത രൂപീകരിക്കുന്നതിന് അക്കാദമിക് സംബന്ധമായ എല്ലാ പിന്തുണയും നൽകിയ പ്രൊഫഷണൽ ഡവലപ്പ്മന്റ് പ്രോഗ്രാമിന്റെ ഡയറക്ടർ ഡോ.അജിത് സിംഗിനോടും ഞാൻ കടപ്പെട്ടിരിക്കുന്നു.

**എസ്. ഈശ്വരൻ,**
**സെക്രട്ടറി ജനറൽ, AIPTF**

നമ്മുടെ രാജ്യത്തിൽ വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ, പ്രത്യേകിച്ചും പ്രാഥമിക തലത്തിലെ വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വളരെ പരിതാപകരമാണ്.അധ്യയന നിലവാരം മെച്ചപ്പെടുത്തൽ നമ്മുടെ സമൂഹത്തിലെ ഏറ്റവും ഗൗരവമേറിയ കാര്യമായി മാറിയിരിക്കുന്നു. വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ കുറയുന്നതിന് ഒട്ടേറെ കാരണങ്ങളുണ്ടെങ്കിലും വിദ്യാഭ്യാസനിലവാരം മോശമാകുന്നതിന് ഉത്തരവാദി എപ്പോഴും അധ്യാപകനാണെന്നാണ് പൊതുജനങ്ങളുടെ ഇടയിലുള്ള ധാരണ.അതിന്റെ അനന്തര ഫലമായിട്ടെന്നവണ്ണം സമൂഹത്തിലെ അധ്യാപകരുടെ മാന്യതയും പദവിയും ഇക്കഴിഞ്ഞ ഏതാനും ദശകങ്ങളായി കുത്തനെ ഇടിഞ്ഞിരിക്കുകയാണ്. മുൻ കാലങ്ങളിൽ അധ്യാപകന്റെ മാന്യതയും പദവിയും വളരെയേറെ ഉയർന്നതായിരുന്നു.

അധ്യാപകന്റെ ശോചനീയമായ പദവിയിലും മാന്യതയിലും ഇതുമായി ബന്ധപ്പെട്ട എല്ലാവരും വളരെ ആശങ്കാകുലരാണ്. അധ്യാപക സമൂഹത്തിന്റെ, പ്രത്യേകിച്ചും പ്രൈമറി തലത്തിലും അപ്പർ പ്രൈമറി തലത്തിലുമുള്ളവരുടെ പ്രത്യേകിച്ചും, പദവിയും മാന്യതയും ഉയർത്തുന്നതിന്, ഓൾ ഇന്ത്യാ പ്രൈമറി ടീച്ചേഴ്സ് ഫെഡറേഷൻ താല്പര്യപ്പെടുകയാണ്. തങ്ങളുടെ കുട്ടികൾക്ക് ഗുണമേന്മയേറിയ വിദ്യാഭ്യാസം ഈ അധ്യാപകരിൽ നിന്നും ലഭിക്കുമെന്നൊരു ആത്മവിശ്വാസം പൊതുജനങ്ങളിലുണ്ടാക്കാനുള്ള ഉത്തരവാദിത്വം അധ്യാപകർക്കാണെന്ന് നാം തിരിച്ചറിയുകയാണ്.

അധ്യാപന വൃത്തിയിൽ പ്രവേശിക്കുന്ന ഒരു വ്യക്തിക്ക് സാമൂഹിക നിലവാരമനുസരിച്ചുള്ള ഏറ്റവുമുയർന്ന സദാചാര-സാന്മാർഗ്ഗിക ഗുണങ്ങൾ അനുവർത്തിക്കുന്നതിന് സമൂഹത്തോടൊരു കടപ്പാടുണ്ട്. തന്റെ ജോലി സ്ഥലത്ത് ഏറ്റവും മെച്ചപ്പെട്ട പ്രകടനം കാഴ്ചവയ്ക്കുന്നതിന് അവൻ/അവൾ (അയാൾ/അവർ) ശ്രമിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

ഒരോ തൊഴിലിനും അതിന്റേതായ മൂല്യവും ധർമ ശാസ്ത്രവുമുണ്ട്. അധ്യാപനജോലിയ്ക്കും അതിന്റേതായ ധർമശാസ്ത്രമുണ്ട്.തൊഴിൽ പരമായ ധർമ്മ ശാസ്ത്ര സംഹിതയനുസരിച്ച് അതിനോട് ചേർന്നുനിന്നുപ്രവർത്തിക്കുന്നത്, അധ്യാപകരുടെ പദവിയും ആത്മാഭിമാനവുമുയർത്തുന്നതിനും സമൂഹത്തിൽ ഈ പ്രൊഫഷനോട് ആദരവുണ്ടാകുന്നതിനും ഗണ്യമായ സംഭാവന നല്കുന്നതാണ്.വിദ്യാർഥികളോടും രക്ഷാകർത്താക്കളോടും സമൂഹത്തോടും രാഷ്ട്രത്തോടും, തൊഴിലിനോടും സഹപ്രവർത്തകരോടും മാനേജ്മെന്റിനോടും ഭരണ സംവിധാനത്തിനോടും പ്രൊഫഷണൽ സംഘടനകളോടും ഏറ്റവുമുയർന്ന ധർമ്മശാസ്ത്രപരമായ സ്വഭാവവൈശിഷ്ട്യം നേടുന്നതിനും അതുൾക്കൊള്ളുന്നതിനും അധ്യാപകർക്ക് ഉത്തരവാദിത്വമുണ്ട്.

## ആമുഖം

- ഗുണമേന്മയേറിയ വിദ്യാഭ്യാസം നേടാൻ ഒരോ വിദ്യാർഥിയ്ക്കും അടിസ്ഥാന അവകാശമുണ്ടെന്ന് തിരിച്ചറിയുന്നു.
- മനുഷ്യന്റെ സമ്പൂർണമായ വ്യക്തിത്വവികാസത്തിന് വിദ്യാഭ്യാസം, വഴികാട്ടിയായിരിക്കണമെന്ന് തിരിച്ചറിയുന്നു.
- ജനാധിപത്യം, സാമൂഹിക നീതി, മതനിരപേക്ഷത എന്നീ മാർഗദർശക ആശയങ്ങൾ തങ്ങളുടെ വിശ്വാസത്തെ രൂപപ്പെടുത്തേണ്ടതിനുള്ള ആവശ്യകത തിരിച്ചറിയുന്നു.
- നമ്മുടെ സമ്പന്നമായ സാംസ്കാരിക പൈതൃകം,ദേശീയ അവബോധം, അന്തർ ദേശീയമായ തിരിച്ചറിവ് ,ലോക സമാധാനം എന്നിവയെ നാം വിദ്യാഭ്യാസത്തിലൂടെ തിരിച്ചറിയുന്നു.
- സാമൂഹിക രംഗത്ത് അധ്യാപകരുടെ പങ്ക് തിരിച്ചറിയുകയും പൊതുജനങ്ങളുടെ ആവശ്യവും ആഗ്രഹങ്ങളും പങ്കിടുകയും ചെയ്യുന്നു.

- അതിവിദഗ്ദ്ധമായ അറിവും, വൈശിഷ്ഠതയേറിയ നൈപുണ്യവും ആത്മാർപ്പണവും അത്യന്താപേക്ഷിതമായ അധ്യാപനത്തെ പുന: സംഘടിപ്പിക്കേണ്ടതിന്റെ ആവശ്യകത തിരിച്ചറിയുന്നു.
- അധ്യാപകസമൂഹത്തിനോടുള്ള സാമൂഹികാദരവും പിന്തുണയും, അധ്യാപനത്തിന്റെഗുണമേന്മയേയുംഅധ്യാപകന്റെ മനോഭാവത്തേയും ആശ്രയിച്ചിരിക്കുന്നുവെന്ന് തിരിച്ചറിയുന്നു.
- അധ്യാപക സമൂഹത്തിലെ അംഗങ്ങൾക്ക് സ്വയം ദിശാബോധവും സ്വയാർജ്ജിത അച്ചടക്കവും വേണമെന്ന് തിരിച്ചറിയുന്നു.

## തൊഴിൽപരമായ പരമായ ധർമ്മശാസ്ത്ര സംഹിതയുടെ അടിസ്ഥാന ഘടകങ്ങൾ

### A. വിദ്യാർഥികളുമായുള്ള അധ്യാപകന്റെ ബന്ധം

*അധ്യാപകൻ:*

1. ഐക്യരാഷ്ട്ര‌സംഘടനയുടെ ശിശു അവകാശ സമ്മേളനം (1989) കുട്ടികൾക്ക് ലഭ്യമാകുന്ന നേട്ടങ്ങൾ വിഭാവനം ചെയ്യുന്ന അംഗീകരിക്കപ്പെട്ട നിയമങ്ങൾ; പ്രത്യേകിച്ചും വിദ്യാഭ്യാസ സംബന്ധമായ അവകാശങ്ങൾ പ്രതിപാദിക്കുന്ന നിയമങ്ങളെ അധ്യാപകൻ ബഹുമാനിക്കണം.
2. എല്ലായ്പ്പോഴും അവന്റെ/അവളുടെ (അയാളുടെ/അവരുടെ) വിദ്യാർഥികളുടെ ബൗദ്ധികവും സാമൂഹികവും സദാചാരപരവുമായ വളർച്ചയെ പരിപാലിക്കുന്നതിന് ശ്രമിക്കേണ്ടതാണ്.
3. സ്നേഹത്തോടെയും സൗഹാർദ്ദത്തോടെയും വിദ്യാർഥികളോട് പെരുമാറുകയും ജാതി, മത, ലിംഗ, പദവി, ഭാഷ, വർണ്ണം, ജനനസ്ഥലം എന്നിവയ്ക്കതീതമായി പക്ഷപാതമില്ലാതെ പെരുമാറുകയും ചെയ്യുക.
4. ഒരു വിദ്യാർഥിയെ സംബന്ധിച്ച രഹസ്യ സ്വഭാവമുള്ള വിവരങ്ങൾ അവന്റെ രക്ഷാകർത്താക്കളോടല്ലാതെ അതല്ലെങ്കിൽ നിയമം അനുശാസിക്കുന്ന രീതിയിലല്ലാതെ മറ്റാരോടെങ്കിലും കൈമാറാതിരിക്കുക.
5. അധ്യാപകനും അവന്റെ/അവളുടെ (അയാളുടെ/അവരുടെ) വിദ്യാർഥികളും തമ്മിലുള്ള പവിത്രമായ ബന്ധത്തെ ചൂഷണം ചെയ്യാതിരിക്കുക.
6. അവന്റെ/അവളുടെ (അയാളുടെ/അവരുടെ) വിദ്യാർഥികളുടെ സാന്മാർഗ്ഗികമോ മതപരമായതോ ആയ വിശ്വാസങ്ങളെ ബഹുമാനിക്കുക.
7. അവന്റെ/അവളുടെ (അയാളുടെ/അവരുടെ) വിദ്യാർഥികളെ, ലൈംഗികപരമായ ചൂഷണങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിനും എച്ച് ഐ വി/എയിഡ്സ് രോഗബാധയുണ്ടാകുന്നതിൽ നിന്നും സംരക്ഷിക്കുകയും ചെയ്യുക.
8. വിദ്യാർഥികൾക്ക് മാതൃക കാട്ടുന്നവിധം വസ്ത്രധാരണം പെരുമാറ്റവും നടത്തുക.

### B. മാതാപിതാക്കൾ/രക്ഷാകർത്താക്കളുമായുള്ള അധ്യാപകന്റെ ബന്ധം

*അധ്യാപകൻ:*

1. കുട്ടിയുടെ മികവിനെ സംബന്ധിച്ച വിവരങ്ങൾ അറിയാനുള്ള രക്ഷാകർത്താവിന്റെ അവകാശങ്ങൾ തിരിച്ചറിയണം.
2. കുട്ടിയുടെ പാഠ്യ മികവ് മെച്ചപ്പെടുത്തുന്നതിലും വിദ്യാലയത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും രക്ഷാകർത്താക്കളുമായി ഒരു സൗഹാർദ്ദപരമായ ബന്ധം സ്ഥാപിക്കുകയും അത് നില നിർത്തുകയും ചെയ്യുക.

3. വിദ്യാർഥിയെ സംബന്ധിച്ച രക്ഷകർത്താക്കളിലുള്ള ആത്മവിശ്വാസത്തെ ഹനിക്കുന്ന വിധത്തിലുള്ള എല്ലാത്തിൽ നിന്നും വിട്ടു നില്ക്കുക.

## C. സമൂഹവും രാഷ്ട്രവുമായുള്ള അധ്യാപകന്റെ ബന്ധം

*അധ്യാപകൻ:*

1. സമൂഹത്തിൽ നിലവിലിരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് മനസ്സിലാക്കാൻ ശ്രമിക്കുകയും ആ പ്രശ്നങ്ങൾ ഉയർത്തുന്ന വെല്ലുവിളികളെ നേരിടുന്നതിനാവശ്യമായ പ്രവർത്തനങ്ങളിൽ പങ്കെടുക്കുകയും ചെയ്യുക.
2. വ്യത്യസ്തങ്ങളായ സമൂഹങ്ങൾ തമ്മിലും മതപരമായും ഭാഷാപരമായുമുള്ള സമൂഹങ്ങൾ തമ്മിലും വെറുപ്പും, ശത്രുതയും പരത്തുന്ന പ്രവർത്തനങ്ങളിൽ നിന്നും അകന്നു നിൽക്കുക.
3. വിദ്യാലയത്തിനോടും സമൂഹത്തോടും സംസ്ഥാനത്തോടും രാഷ്ട്രത്തോടും കൂറുള്ളവനായിരിക്കുക.
4. തന്റെ വിദ്യാർഥികൾക്കിടയിൽ അഭിലഷണീയമായ മാനുഷിക മൂല്യങ്ങൾ ഉണ്ടാക്കിയെടുക്കുക.
5. വിദ്യാർഥികളിൽ ദേശീയോദ്ഗ്രഥനം വളർത്തിയെടുക്കുക.
6. ഭരണഘടന വിഭാവനം ചെയ്യുന്ന അടിസ്ഥാനകർത്തവ്യങ്ങൾ നിർവഹിക്കുവാൻ വിദ്യാർഥികളെ ആഹ്വാനം ചെയ്യുക.

## D. തന്റെ തൊഴിലിനോടും സഹപ്രവർത്തകരോടുമുള്ള അധ്യാപകന്റെ ബന്ധം

*അധ്യാപകൻ:*

1. എല്ലാ വിദ്യാർഥികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുന്നതിലൂടെ അധ്യാപകൻ പൊതുജനങ്ങളുടെ വിശ്വാസം നേടുകയും അവരിൽ ആത്മ വിശ്വാസം ഉണ്ടാക്കിയെടുക്കുകയും വേണം.
2. തന്റെ വിഷയങ്ങളിലുള്ള പാണ്ഡിത്യം കാലിക പ്രസക്തമാക്കുകയും അധ്യാപന മികവ് തുടർച്ചയായി മെച്ചപ്പെടുത്തുകയും വേണം.
3. തൊഴിൽ സംബന്ധമായ ഒരു അവബോധം ഉണ്ടാക്കിയെടുക്കണം.
4. പഠിപ്പിക്കേണ്ട പാഠങ്ങൾ നന്നായി തയ്യാറെടുത്തശേഷം പഠിപ്പിക്കുകയും പാഠ്യപദ്ധതിയുമായി എല്ലായ്പ്പോഴും ആശയ വിനിമയം നടത്തുകയും വേണം.
5. വിദ്യാർഥികളുടേയോ മറ്റ് അധ്യാപകരുടേയോ ഉദ്യോഗസ്ഥരുടേയോ രക്ഷാകർത്താക്കളുടേയോ സാന്നിദ്ധ്യത്തിൽ മറ്റ് സഹപ്രവർത്തകരെ സംബന്ധിച്ച് മോശം പരാമർശം നടത്തരുത്.
6. വിദ്യാലയത്തിനകത്തും പുറത്തുമായി പാഠ്യ-പാഠ്യേതര വിഷയങ്ങളിൽ സ്ഥാപനത്തിന്റെ മേധാവിയോടും സഹപ്രവർത്തകരോടും സഹകരിച്ചു പ്രവർത്തിക്കുക.
7. തന്റെ സഹപ്രവർത്തകരുമായുള്ള സഹവർത്തിത്വം പ്രോത്സാഹിപ്പിക്കുകയും അവരുടെ പ്രൊഫഷണൽ നിലപാടുകളോടും അഭിപ്രായങ്ങളോടും ആദരവ് പുലർത്തുകയും ചെയ്യുക.

8. സഹപ്രവർത്തകരുടെ താല്പര്യങ്ങൾ സംരക്ഷിക്കുകയും അഭ്യുദയം കാംഷിക്കുകയും അവ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
9. അധ്യാപനവൃത്തിയെക്കുറിച്ച് എല്ലായ്പ്പോഴും ഒരു അനുകൂല നിലപാട് കൈക്കൊള്ളുക.
10. തന്നോട് മറ്റുള്ളവർ എപ്രകാരമാണോ പെരുമാറണമെന്നാഗ്രഹിക്കുന്നത്, അപ്രകാരം തന്നെ തന്റെ പ്രൊഫഷനിലെ മറ്റംഗങ്ങളോടും പെരുമാറുക.
11. തന്റെ സഹപ്രവർത്തകർക്കെതിരെ തെളിയിക്കപ്പെടാത്ത കുറ്റാരോപണങ്ങൾ ഉന്നയിക്കാതിരിക്കുക.

## E. മാനേജുമെന്റും അധ്യാപകനുമായുള്ള ബന്ധം

*അധ്യാപകൻ:*

1. തന്റെ, നിയമപരമായും ഭരണപരമായുമുള്ള അവകാശങ്ങളെക്കുറിച്ച് അവബോധവും മാനേജുമെന്റിനോടുള്ള ഉത്തരവാദിത്വങ്ങൾ അറിയാവുന്നയാളുമായിരിക്കണം.
2. മാനേജ്മെന്റ് വ്യക്തികളിൽനിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾ അനുസരിക്കുകയും ഒപ്പം നിർദ്ദേശങ്ങളെ വ്യക്തമായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള നടപടികളിലൂടെയും ന്യായമായ മാർഗ്ഗങ്ങളിലൂടെയും ചോദ്യംചെയ്യാനുള്ള അവകാശങ്ങളുമുണ്ടായിരിക്കും.
3. തന്റെ തൊഴിൽപരമായ പ്രവർത്തനങ്ങളിലൂടെയും പ്രവർത്തന ഫലങ്ങളിലൂടെയും അന്യോന്യം പരസ്പര ബഹുമാനവും വിശ്വാസവും ഉണ്ടാക്കിയെടുക്കുക.

## F. അധ്യാപക സംഘടനകളുമായുള്ള അധ്യാപകന്റെ ബന്ധം

*അധ്യാപകൻ:*

1. അധ്യാപക സംഘടനകളിൽ സംസ്ഥാന/ദേശീയ/അന്തർദേശീയ തലങ്ങളിൽ ഒരു അംഗമാകണം. ഇത് അവൻ/അവൾ (അയാൾ/അവർ) തന്റെ തൊഴിൽ സംബന്ധമായ ഉത്തരവാദിത്വമായി കണക്കാക്കണം.
2. സംഘടനകൾ സംഘടിപ്പിക്കുന്ന പരിപാടികളിൽ തന്റെ തൊഴിൽപരമായ അഭ്യുന്നതിയ്ക്കായി പങ്കെടുക്കുകയും അതിന്റെ ശാക്തീകരണത്തിനും ഐക്യത്തിനും ദൃഢതയ്ക്കുമായി പ്രവർത്തിക്കുകയും വേണം.
3. സംഘടനകളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് ക്രിയാത്മകമായ വിമർശനം മാത്രം നടത്തുക.
4. അധ്യാപക സംഘടനകളിൽ അവയുടെ വളർച്ചയ്ക്കും വികാസത്തിനുമായി മാറ്റത്തെ സ്വാഗതം ചെയ്യുകയും അവയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

ഓൾ ഇന്ത്യ പ്രൈമറി ടീച്ചേഴ്സ് ഫെഡറേഷൻ
ജയ്പൂരിൽ വച്ചു നടന്ന 24–ാമത് ദ്വൈവാർഷിക സമ്മേളനം
ഈ സമ്മേളനത്തിൽ അധ്യാപകരുടെ തൊഴിൽപരമായ ധർമശാസ്ത്രസംഹിത
ഐക കണ്ഠേന അംഗീകരിച്ചു.
തീയതി: 3 & 4 നവംബർ 2007




**ഒത്തൊരുമയോടെ കർമ്മ മണ്ഡലത്തിൽ!**

**ഓൾ ഇന്ത്യ പ്രൈമറി ടീച്ചേഴ്സ് ഫെഡറേഷൻ (AIPTF)**
ശിക്ഷക് ഭവൻ, 41-ഇൻസ്റ്റിറ്റ്യൂഷണൽ ഏരിയ
ഡി ബ്ലോക്ക്, ജനക് പുരി, ന്യൂഡെൽഹി-110058
ടെലി-(91-11)28520671, 28522039; ഫാക്സ്: 28525271
ഇ-മെയിൽ: aiptfindia@yahoo.com